"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി. സുലൈഖ ബീവി യുടെ ഐ.വി.എഫ് ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1787/2025/LSGD തീയതി,തിരുവനന്തപുരം, 21-07-2025

---

പരാമർശം:-

1. 21.01.2016 -ലെ G.O.(P)No.10/2016/ H&FWD നമ്പർ സർക്കുലർ.
2. 15.12.2017-ലെ G.O.(Ms))No.184/2017/H&FWD
3. ശ്രീമതി.സുലൈഖ ബീവി യുടെ 27.02.2023 - ലെ അപേക്ഷയും ബില്ലുകളും.
4. പുറത്തൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.02.2023 ലെ PP/5/11/69/23 നമ്പർ തീരുമാനം.
5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 20/11/2024-ലെ എം.ആർ നം.5-26844/2024/ആ.വ.ഡ നം.കത്ത്
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 09-12-2024 ലെ No. LSGD/PD/35609/2023-DEG2 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി. സുലൈഖ ബീവി യുടെ ഐ.വി.എഫ് ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ആശുപത്രിൽ ചെലവായ 1,33,789/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

പരാമർശം (2) പ്രകാരം IVF സംബന്ധമായ ചികിത്സയ്ക്ക് ഒരാളുടെ സേവനകാലയളവിൽ മൂന്ന് തവണകളായി പരമാവധി 3,00,000/- ലക്ഷം രൂപ അനുവദിക്കാവുന്നതും ഒറ്റതവണയായി 1,50,000/- രൂപ പരാമവധി മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണ്. പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പുറത്തൂർ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി. സുലൈഖ ബീവി യുടെ ഐ.വി.എഫ് ചികിത്സയ്ക്കായി മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ 1,33,789/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയ 1,04,323/- രൂപ (ഒരു ലക്ഷത്തി നാലായിരത്തി മുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ) മാത്രം നിലവിലെ KGSMA ചട്ടം, 1960 - ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ

പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
സെക്രട്ടറി, പുറത്തൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി. സുലൈഖ ബീവി, സീനിയർ ക്ലാർക്ക്, പുറത്തൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/661/2024-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 21-07-2025 11:36:50